**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3079** **07-10-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ കൃഷിഭവൻ പരിധിയിലെ സമഗ്ര ജലസേചന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ കൃഷിഭവൻ പരിധിയിൽ നെൽകൃഷിയും പച്ചക്കറി കൃഷിയും വിപുലപ്പെടുത്തുന്നതിനായി കൃഷിഭവന്റെ പരിധിയിലുള്ള ജലസ്രോതസുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്യുന്നതുൾപ്പടെയുള്ള ഒരു സമഗ്ര ജലസേചന പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോട്ടയ്ക്കൽ നഗരസഭയിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുവാനും നിലവിലുള്ളവയുടെ കേടുപാടുകൾ തീർത്ത് കൃഷി വിപുലപ്പെടുത്തുന്നതിനുമായി ഒരു സമഗ്ര ജലസേചന പദ്ധതി രൂപീകരിക്കുന്നതിനും അത് സമയബന്ധിതമായി നടപ്പിലാക്കുന്ന തിനുമായി ജലസേചന വകുപ്പ് ഉദ്യോഗസ്ഥരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കർഷകരും 22/03/2025-ന് ഇന്ത്യനൂർ പാടശേഖരത്തിൽ യോഗം ചേർന്നിരുന്നു. നിലവിലുള്ള ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാനും കൈത്തോടുകൾ, നീർച്ചാലുകൾ, ചിറകൾ എന്നിവ നിർമ്മിക്കാനും നിലവിലുള്ളവ കേടുപാടുകൾ തീർത്ത് ഉപയോഗ യോഗ്യമാക്കാനും തീരുമാനിച്ചു. ജലസേചന വകുപ്പ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, മുനിസിപ്പാലിറ്റി, തുടങ്ങിയ വിവിധ വകുപ്പുകളും ജലസംരക്ഷണ മേഖലയിൽ വിദഗ്ധരായ ആളുകളും ചേർന്ന് 2018 ൽ സർവ്വേ നടത്തിയും കർഷകരും നാട്ടുകാരുമായി ചർച്ച ചെയ്തും മുനിസിപ്പാലിറ്റിയിലെ ആറ് നീർത്തടങ്ങളുടെ സമഗ്ര പുരോഗതിക്കായി ഒരു ഹരിത കേരളം മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. മുനിസിപ്പാലിറ്റിയിലെ സാങ്കേതിക സമിതി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന മൈനർ ഇറിഗേഷൻ സെൻസസ് പൂർത്തിയാക്കുന്നതോടു കൂടി ഈ പ്രദേശത്തെ പൊതു കുളങ്ങൾ, കിണറുകൾ, റോഡുകൾ, മറ്റു ജലസംരക്ഷണ നിർമ്മിതികൾ എന്നിവയെക്കുറിച്ചുള്ള ഏറ്റവും വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതാണ്. നിലവിലുള്ള ഹരിത കേരളം മാസ്റ്റർ പ്ലാനിലെ വിവരങ്ങളും ഇറിഗേഷൻ സെൻസസിലെ വിവരങ്ങളും കൃഷി ഓഫീസ് മുഖേന ലെവൽ കൃഷിക്ക് ജലദൗർലഭ്യമുള്ള പ്രദേശങ്ങളുടേയും ആവശ്യമായ |

| | | | |
|---|---|---|---|
| | | | **ജലത്തിന്റെയും അളവ് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് സമഗ്ര ജലസേചന പദ്ധതി അടിയന്തരമായി തയ്യാറാക്കാവുന്നതാണ്.**<br><br>**പ്രസ്തുത വിഷയം സംബന്ധിച്ച് സ്ഥലം എം. എൽ. എ. സമർപ്പിച്ച നിവേദനത്തിന്മേലുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു** |

സെക്ഷൻ ഓഫീസർ